# ഫുഡ്സേഫ്റ്റി കമ്മീഷണറുടെ കാര്യാലയം

തൈക്കാട്.പി.ഒ, തിരുവനന്തപുരം.695014
Ph: 0471-2322833, 2322844. Fax: 0471-2322855
Email:foodsafetykerala@gmail.com
Website: www.foodsafety.kerala.gov.in


---

## പത്രക്കുറിപ്പ്

സംസ്ഥാനത്ത് ചൂട് അതിരൂക്ഷമായതോടുകൂടി ശീതളപാനീയങ്ങളുടെ ഉപഭോഗം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഫ്രൂട്ട് ജ്യൂസ് ഉൾപ്പെടെയുള്ള പാനീയങ്ങൾ വിൽക്കുന്നവർ ശുദ്ധമല്ലാത്ത വെള്ളത്തിൽ നിർമ്മിച്ച ഐസ് പാനീയങ്ങളിലും ജ്യൂസിലും ഉപയോഗിക്കുന്നതായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വഴിയോരങ്ങളിലും ഫ്രൂട്ട് ജ്യൂസ് കടകളിലും ശുദ്ധമല്ലാത്ത ജലം ഉപയോഗിക്കുന്നതും ഭക്ഷ്യയോഗ്യമല്ലാത്ത ഐസ് ഉപയോഗിക്കുന്നതും ഉപയോഗിച്ച പാത്രങ്ങൾ വൃത്തിയും ശുദ്ധിയുമില്ലാത്ത വെള്ളത്തിൽ കഴുകുന്നതും പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഫുഡ്സേഫ്റ്റി ടോൾഫ്രീ നമ്പരിൽ അറിയിക്കാൻ അഭ്യർത്ഥിക്കുന്നു. ( **1800 425 1125**).

ഭക്ഷ്യയോഗ്യമല്ലാത്ത ജലവും ഭക്ഷ്യയോഗ്യമല്ലാത്ത ഐസും ഉപയോഗിക്കുന്ന വഴിയോര കച്ചവടക്കാർ ഉൾപ്പെടെയുള്ള ഫ്രൂട്ട് ജ്യൂസ് കടകൾ, ശീതളപാനീയ കൗണ്ടറുകൾ, ശീതളപാനീയ മൊബൈൽ .യൂണിറ്റുകൾ തുടങ്ങിയ സ്ഥാപനങ്ങൾക്കെതിരെ കർശന നിയമനടപടികൾ സ്വീകരിക്കുവാനും പിഴ ഈടാക്കുവാനും ഫുഡ് ബിസിനസ്സ് രജിസ്ട്രേഷൻ/ലൈസൻസുകളും സസ്പെൻഡ് ചെയ്യുവാനും എല്ലാ ഫുഡ്സേഫ്റ്റി ഓഫീസർമാർക്കും ജില്ലാ ഫുഡ്സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണർമാർക്കും തിരുവനന്തപുരം/ എറണാകുളം/ കോഴിക്കോട് എന്നിവിടങ്ങളിലെ ഇന്റലിജൻസ് വിഭാഗം അസിസ്റ്റന്റ് കമ്മീഷണർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

വാണിജ്യേതര ആവശ്യങ്ങൾക്കും മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്ന ഐസ് കട്ടകൾ ശീതളപാനീയങ്ങളിലും ഫ്രൂട്ട് ജ്യൂസുകളിലും ചേർക്കുന്നതിനായി വിൽപ്പന നടത്തുന്ന ഐസ് പ്ലാന്റ് ഉടമകൾക്കെതിരെയും ഇത്തരം ഐസ് കട്ടകൾ കൊണ്ടുപോകുന്ന വാഹനങ്ങൾ പിടിച്ചെടുക്കുന്നതുൾപ്പെടെയുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാൻ വകുപ്പ്തല നിർദ്ദേശം ജില്ലാ ഫുഡ്സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണർമാർക്ക് നൽകിയിട്ടുണ്ട്

കെ.അനിൽകുമാർ

**08.04.2014** ഭക്ഷ്യ സുരക്ഷാ കമ്മീഷണർ(i/c)